**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2196** — **11-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേട് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ഗോഡൗണുകളിലേക്ക് അരിയും ഗോതമ്പും കടത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂരിലെ ഇരിട്ടി താലൂക്കിൽ ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ക്രമക്കേട് നടത്തിയ റേഷൻകടയുടെ ലൈസൻസ് താല്ക്കാലികമായി സസ്പെൻഡ് ചെയ്തു. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ നാലാം മൈൽ കാട്ടിച്ചിറ എന്ന സ്ഥലത്ത് ARD 35 ലൈസൻസിയുടെ നിർമ്മാണം നടന്നുകൊണ്ടിരിയ്ക്കുന്ന വീട്ടിൽ നിന്നും അരി പിടിച്ചെടുത്തതിനെ തുടർന്ന് ARD.35ന്റെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്യുകയും ടി സംഭവത്തിൽ പങ്കാളിയാണെന്ന് കണ്ടെത്തിയ ARD.40ന്റെ കട നടത്തിപ്പിനുള്ള അധികാരം സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇവർക്കെതിരെ നിയമനടപടികളും, വകുപ്പിലെ രണ്ടു ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികളും ആരംഭിച്ചിട്ടുണ്ട്; |
| (ബി) | പാവപ്പെട്ടവർക്ക് റേഷൻകട വഴി വിതരണം ചെയ്യേണ്ട സാധനങ്ങൾ കരിഞ്ചന്തയിൽ എത്തിക്കുന്ന റാക്കറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല ; |
| (സി) | സപ്ലൈകോ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്ന പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുവാൻ ഏതുതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ തെരഞ്ഞെടുക്കുമ്പോൾ ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ഗോഡൗണുകൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഗോഡൗണുകളിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ FIFO (ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് ) പാലിച്ചു വേണം വിതരണം നടത്തേണ്ടതെന്ന കർശന നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. FIFO പാലിയ്ക്കാതെ ഭക്ഷ്യ ധാന്യങ്ങൾ കേടായാൽ അതിന്റെ ഇക്കണോമിക് കോസ്റ്റ് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ